25/7/22


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2561614, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


AP.No.2024 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം

File No. 17181/SIC-G4/2021)

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂലൈ 11

ശ്രീ.അബ്ദുൽ റഹീം,
ചീരാമത്ത് വീട്, മലമേൽ ഭാഗം,
കരീലക്കുളങ്ങര പി.ഒ., കായംകുളം } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കയർ ഫെഡ്, പി.ബി.നം. 4616,
ആലപ്പുഴ – 688 012.

2. അപ്പീൽ അധികാരി &
മാനേജിംഗ് ഡയറക്ടർ,
കയർഫെഡ്, പി.ബി.നം. 4616,
ആലപ്പുഴ – 688 012. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 22/03/2022 ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിയായിരുന്ന ശ്രീ. സി. സുരേഷ്കുമാർ ബോധിപ്പിച്ചത്, ഹർജിക്കാരനിൽ നിന്നും ലഭിച്ചിരുന്ന അപേക്ഷ 10/11/2021–ന് ഫയലാക്കി സമർപ്പിക്കുന്നതിന് അഡ്മിനിസ്ട്രേഷൻ വിഭാഗത്തിന് നൽകിയിരുന്നതാണെന്നും എന്നാൽ 31/12/2021 വരെ ടി ഫയൽ സമർപ്പിച്ചിരുന്നില്ലെന്നും 03/01/2022 ന് താൻ കയർ ഫെഡിൽ നിന്നും രാജി വച്ചിട്ടുള്ള താണെന്നുമാണ്. ആയതിനാൽ 10/11/2021 ന് ഫയലാക്കി സമർപ്പിക്കുവാൻ അഡ്മിനിസ്ട്രേഷൻ എസ്.പി.ഐ.ഒ. ശ്രീ. ബി സുനിലിന് കൈമാറിയ അപ്പീൽ അപേക്ഷ എന്തുകൊണ്ട് സമയബന്ധിതമായി സമർപ്പിച്ചില്ല എന്നത് സംബന്ധിച്ച് ടിയാന്റെ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ടിയാന്റെ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ടിയാൻ 1995 മുതൽ കയർഫെഡിൽ വിവിധ ഓഫീസ് തസ്തികകളിൽ ജോലി ചെയ്തശേഷം 31/05/2022 ൽ ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ നിന്നും വിരമിക്കാനിരുന്നതാണെന്നും കയർഫെഡിലെ ഔദ്യോഗിക അധികാരക്രമം പ്രകാരം അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസിൽ നിന്നും

ഇൻഫർമേഷൻ ഓഫീസർക്കും അപ്പീൽ ഉള്ളപക്ഷം അപ്പീൽ അധികാരിയിലേക്കുമാണ് RTI സംബന്ധിച്ച ഫയലുകളും രേഖകളും സമർപ്പിക്കപ്പെടുന്നത്. എന്നിരുന്നാലും ഏതെങ്കിലും ഫംഗ്ഷൻ ഹെഡിൽ നിന്നോ, ജനറൽ മാനേജറിൽ നിന്നോ മറുപടി നൽകുന്നതിനാവശ്യമായ വിവരം ലഭിക്കേണ്ടതുണ്ടെങ്കിൽ ആയതിന് ഇൻഫർമേഷൻ ഓഫീസർ പ്രത്യേക കത്ത് മുഖേന അപേക്ഷയുടെ പകർപ്പ് നൽകി മറുപടി വാങ്ങുകയാണ് പതിവ്. എന്നാൽ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഭരണ പരിചയം ഇല്ലാത്ത ശ്രീ. സുരേഷ്കുമാർ മാനേജിംഗ് ഡയറക്ടർ ആയി വന്നതിന് ശേഷം ഇത്തരത്തിൽ കത്തുകൾ ഒന്നിൽ കൂടുതൽ ഉദ്യോഗസ്ഥർക്ക് മാർക്ക് ചെയ്യുക പതിവായിരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ജനറൽ മാനേജർ എന്ന നിലയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കത്തുകളും രേഖകളും കൈമാറ്റം ചെയ്യുകയാണ് ടിയാൻ ചെയ്തിട്ടുള്ളതെന്നും അതിന് സമാനമായി ഈ സന്ദർഭത്തിലും കത്ത് ലഭിച്ച മുറയ്ക്ക് തന്നെ ഇൻഫർമേഷൻ ഓഫീസർക്ക് അർജന്റ് എന്ന നിർദ്ദേശത്തോടുകൂടി പ്രസ്തുത കത്ത് കൊടുത്തിട്ടുള്ളതാണന്നുമാണ്.

കൂടാതെ RTI രേഖകൾ ജനറൽ മാനേജർ മുഖാന്തിരമാണ് മാനേജിംഗ് ഡയറക്ടർക്ക് ലഭിക്കുന്നതെന്ന പ്രസ്താവന വസ്തുതാവിരുദ്ധമാണെന്നും, RTI നിയമപ്രകാരമുള്ള അപ്പീലിന്റെ മറുപടികൾ നാളിതുവരെ ജനറൽ മാനേജരിലൂടെ റൂട്ട് ചെയ്തിട്ടില്ലെന്നും ആയത് കയർഫെഡിന്റെ ഫയലുകൾ പരിശോധിച്ചാൽ ബോധ്യപ്പെടാവുന്നതാണെന്നും ഇത്തരത്തിൽ ഫയലുകളും, മറുപടികളും ടിയാനിലൂടെ റൂട്ട് ചെയ്യപ്പെടാത്തതിനാൽ മറുപടി നൽകിയോ എന്ന് ടിയാന് കഴിയുക യില്ലെന്നുമാണ്. ആയതിനാൽ ടിയാന്റെ ഭാഗത്ത് നിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല എന്ന വസ്തുത പരിശോധിച്ച് ബോധ്യപ്പെട്ട് ടിയാനെ ടി ആരോപണത്തിൽ നിന്നും വിമുക്തമാക്കണമെന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്.

മേൽ വിശദീകരണം പരിശോധിക്കുമ്പോൾ പരാമർശിത കാലയളവിലെ എതിർകക്ഷികളുടെ ഭാഗത്തു നിന്നും അപേക്ഷകന് വിവരം നിക്ഷേധിക്കണമെന്ന രീതിയിൽ മനഃപൂർവ്വം പ്രവർത്തിച്ചതായി കമ്മീഷന് ബോധ്യമാകുന്നില്ല. മാത്രമല്ല ഹർജിക്കാരന് ടിയാൻ തേടിയിട്ടുള്ള വിവരങ്ങൾ നൽകിയതായും കാണുന്നു. ടി സാഹചര്യത്തിൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ ജാഗ്രതയോടു കൂടി കൈകാര്യം ചെയ്യണമെന്ന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകി കൊണ്ട് ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 ജൂലൈ 11–ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION